ഉത്തരം

(എ) ഉണ്ട്.

(ബി) ജലനിധി, 5000 ലിറ്റർ ശേഷിയുള്ള 40,000 സംഭരണികളും നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ട്. കേരള ജല അതോറിറ്റി ഈ സാമ്പത്തിക വർഷം, വർഷ പദ്ധതിയിൽ പുതിയ യൂണിറ്റുകൾക്ക് അംഗീകാരം ലഭിക്കുവാൻ ശ്രമിക്കുന്നുണ്ട്.

(സി) ജലക്ഷാമം രൂക്ഷമായ പഞ്ചായത്തുകളും, മഴനിഴൽ പ്രദേശങ്ങളും, ഭൂജലവിതാനം താഴ്ന്നുകൊണ്ടിരിക്കുന്ന പ്രദേശങ്ങളും, ജലക്ഷാമം അനുഭവപ്പെടുന്ന തീരദേശ ഗ്രാമങ്ങളും എന്നിങ്ങനെ മുൻഗണനാ ക്രമത്തിൽ കേരള മൊട്ടാകെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 43.85 കോടി രൂപയുടെ പദ്ധതിയാണ് ജലനിധി സമർപ്പിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന വർഷ പദ്ധതിക്ക് ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കേന്ദ്രസഹായം അനുവദിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) ജലനിധി നടപ്പിലാക്കുന്ന പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന വർഷ പദ്ധതിക്ക് ഇതുവരെ 613.98 ലക്ഷം രൂപ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

(ജി) ജലനിധി നടപ്പിലാക്കുന്ന പദ്ധതികൾ ധനസഹായം ലഭിക്കുകയാണെങ്കിൽ 2005 നവംബർ മാസത്തിനു മുമ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ വർഷ പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

ഗുണമേൻമയില്ലാത്ത പൈപ്പുകളും ജലവിതരണത്തിലെ തടസ്സവും

78 [2688] ശ്രീ. പിരപ്പൻകോട് മുരളി:
,, സാജു പോൾ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നറിയിപ്പ് ഇല്ലാതെ വാട്ടർ അതോറിറ്റിയുടെ ജലവിതരണം തടസ്സപ്പെടുന്നത് പതിവായിരിക്കുന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണമേൻമയില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതു മൂലമാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാപകമായി ജലവിതരണ പൈപ്പുകൾ പൊട്ടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തുമോ;

(ഡി) ഗുണമേൻമയില്ലാത്ത പൈപ്പുകൾ ഉപയോഗിക്കാതിരിക്കാൻ വാട്ടർ അതോറിറ്റി എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഗുണനിലവാരമുള്ള പൈപ്പുകൾ മാത്രമേ കേരള വാട്ടർ അതോറിറ്റി വാങ്ങി സ്ഥാപിച്ചിട്ടുള്ളൂ. ജലവിതരണക്കുഴലുകളിൽ ഉണ്ടാകുന്ന ചോർച്ച പരിഹരിക്കുന്ന അവസരങ്ങളിലാണ് ജലവിതരണം തടസ്സപ്പെടുന്നത്. കാലപ്പഴക്കമുള്ള പൈപ്പുകൾ പൊട്ടിയും വൈദ്യുതി തകരാറുമൂലം പമ്പ് സെറ്റുകൾ പ്രവർത്തനരഹിതമാകുമ്പോഴും ജലവിതരണം തടസ്സപ്പെടാറുണ്ട്. കൂടാതെ ചില വകുപ്പുകളും ഏജൻസികളും നടപ്പാക്കുന്ന പദ്ധതികൾക്കായി വാട്ടർ അതോറിറ്റിക്ക് യാതൊരു മുന്നറിയിപ്പും നൽകാതെ റോഡുകൾ കുഴിക്കുമ്പോഴും ജലവിതരണം തടസ്സപ്പെടാറുണ്ട്. ഇക്കാരണങ്ങളാൽ ഒരന്വേഷണം ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മാവട്ടം കുടിവെള്ള പദ്ധതി

79 [2689] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂലായ് 7-ന് ഉണ്ടായ ഉരുൾപൊട്ടലിൽ ചക്കിട്ടപാറ പഞ്ചായത്തിലെ മാവട്ടം കുടിവെള്ള പദ്ധതി തകർന്നുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏകദേശം എത്ര രൂപയുടെ നഷ്ടം ഇതുമൂലമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പദ്ധതി പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 18.75 ലക്ഷം രൂപയുടെ നഷ്ടം മാവട്ടം സ്കീമിന് വന്നിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉരുൾപൊട്ടൽ മൂലം തകർന്ന മാവട്ടം പദ്ധതിയുടെ ഭാഗമായ ശുദ്ധീകരണ യൂണിറ്റ് അറ്റകുറ്റ പണികൾ നടത്തി ഫ്ളക്സിബിൾ പൈപ്പുകൾ വഴി ഭാഗികമായ രീതിയിൽ താൽക്കാലികമായി ജലവിതരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly